LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുകൂല സാഹചര്യം സൃഷ്ടിച്ചിട്ടില്ല.

(ബി) വൈദ്യുതി ബോർഡിന്റെ ദ്രവ ഇന്ധന നിലയങ്ങളായ ബി.ഡി. പി.പി. (BDPP)-യിലും, കെ.ഡി.പി.പി. (KDPP) യിലും കേരളത്തിലെ എൻ.ടി.പി.സി. (NTPC)-യുടെ കായംകുളം നിലയത്തിലും, കൊച്ചിയിലെ BSES നിലയത്തിലും LSHS, നാഫ്ത തുടങ്ങിയ ദ്രവ ഇന്ധനങ്ങളാണ് ഉപയോഗിക്കുന്നത്. പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറയുക വഴി, ദ്രവ ഇന്ധനങ്ങളുടെ വിലയിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോഴും ടി നിലയങ്ങളിലെ വൈദ്യുതിയുടെ ഇന്ധനവില മാത്രം യൂണിറ്റിന് 'ഏഴ്' രൂപയിൽ അധികമാണ്. ടി നിരക്ക് വൈദ്യുതി വ്യാപാരികളിൽ നിന്നും ഉല്പാദകരിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിരിക്കുന്നതിനേക്കാൾ അധികമാണ്. ടി കാരണത്താൽ അത്യാവശ്യ ഘട്ടങ്ങളിൽ വൈദ്യുതി നിയന്ത്രണങ്ങൾ ഒഴിവാക്കാൻ മാത്രമേ ഈ നിലയങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങുന്നുള്ളൂ. കൂടാതെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, വൈദ്യുതി വാങ്ങൽ ചെലവ് യൂണിറ്റൊന്നിന് '5' രൂപയ്ക്കുള്ളിൽ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആകയാൽ ചെലവു കുറഞ്ഞ രീതിയിൽ വൈദ്യുതോല്പാദനം നടത്തുന്നതിന് സഹായകവുമല്ല.

(സി) 1-3-2015-ലെ കണക്കനുസരിച്ച് വൈദ്യുതി ബോർഡിന്റെ ജലസംഭരണികളിൽ 2592 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വെള്ളമാണുള്ളത്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ, 2222 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വെള്ളമാണുണ്ടായിരുന്നത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 370 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വെള്ളം അധികമായി ഉണ്ട്.

(ഡി) വൈദ്യുതി ഉപയോഗം കൂടുതലുള്ള മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ പവർകട്ടും ലോഡ് ഷെഡ്ഡിംഗും കഴിയുന്നതും നടപ്പാക്കാതെ വൈദ്യുതി വിതരണം നടത്താനാണ് ശ്രമിക്കുന്നത്.

പണി പൂർത്തിയാക്കാത്ത ചെറുകിട ജലവൈദ്യുത പദ്ധതികൾ

8 (354) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ ചെറുകിട ജലവൈദ്യുത പദ്ധതികളാണ് ഇനിയും പൂർത്തിയാക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിയും പൂർത്തിയാകാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) ടി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇനിയും പൂർത്തിയാക്കാനുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളും പൂർത്തിയാകാത്തതിനുള്ള കാരണങ്ങളും ചുവടെ ചേർക്കുന്നു :

നമ്പർ	പദ്ധതി	കാരണങ്ങൾ
1	ചിമ്മിനി	ഈ പദ്ധതി 4/2015-ൽ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.
2	ബാരപ്പോൾ	പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുവാനുണ്ടായ കാലതാമസം
3	വെള്ളത്തൂവൽ	പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുവാനുണ്ടായ കാലതാമസം
4	പെരുന്തേനരുവി	പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുവാനുണ്ടായ കാലതാമസം
5	കക്കയം	പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുവാനുണ്ടായ കാലതാമസം
6	ചാത്തൻകോട്ടുനട II	പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുവാനുണ്ടായ കാലതാമസം
7	ആഢ്യൻപാറ	പദ്ധതി പ്രവൃർത്തനം സമയബന്ധിതമായി പൂർത്തിയായി വരുന്നു. ഈ പദ്ധതി ജൂൺ 2015-ൽ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.
8 & 9	ഭൂതത്താൻകെട്ട്, പൊരിങ്ങൽകുത്ത്	പദ്ധതിയ്ക്ക് ആവശ്യമായ വനഭൂമി ഉണ്ട്. ഏറ്റെടുക്കുവാനുള്ള അനുമതി ലഭിക്കുവാനുണ്ടായ കാലതാമസം

സ്വകാര്യ മേഖലയിൽ CPP/IPP വിഭാഗങ്ങളിലായി മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച പദ്ധതികളിൽ താഴെപ്പറയുന്ന പദ്ധതികൾ പൂർത്തിയായിട്ടില്ല :

992/2018

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	പദ്ധതി	കാരണങ്ങൾ
1	ആറ്റ് ലെ - I	പദ്ധതിയ്ക്കായുള്ള ഭൂമി ഏറ്റെടുക്കുവാനുള്ള പ്രയാസങ്ങൾ
2	ആറ്റ് ലെ - I	പദ്ധതിയ്ക്കായുള്ള ഭൂമി ഏറ്റെടുക്കുവാനുള്ള പ്രയാസങ്ങൾ
3	ഇരവലാർ	സി.എച്ച്.ആർ.സോണിലുള്ള പ്രദേശമായതിനാൽ പദ്ധതി തുടങ്ങുവാനുള്ള അനുമതി കിട്ടിയിട്ടില്ല.
4	അപ്പർ വട്ടപ്പാറ	പദ്ധതി ഉപേക്ഷിച്ചു. കാവേരി നദീജല തർക്കത്തിലെ കോടതി വിധി പ്രകാരം വെള്ളം തിരിച്ചു വിടുന്നതിനാൽ
5	ലോവർ വട്ടപ്പാറ	അപ്പർ വട്ടപ്പാറ പദ്ധതി നടപ്പിലാക്കാത്തതു കാരണം കപ്പാസിറ്റി കുറച്ച് ചെയ്യുവാൻ അനുവദിച്ചതിന്റെ പ്രോജക്ട് റിപ്പോർട്ടിന്റെ പണി നടക്കുന്നു.
6	കുറുംപെട്ടി	കൂടി ഒഴിപ്പിയ്ക്കലും കൂടുതൽ വനഭൂമി എടുക്കുന്നതു കൊണ്ടുമുള്ള അധിക ചെലവിനാൽ പദ്ധതി viable അല്ലാത്തതിനാൽ പദ്ധതിയുടെ സ്ഥാപിത ശേഷി കുറച്ച് നിർമ്മിക്കുവാനുള്ള അനുമതിയ്ക്കായി നടപടി സ്വീകരിക്കുന്നു.
7	അപ്പർ പൊരിങ്കൽ	വന്യമൃഗസങ്കേതത്തിനരികിലായതിനാൽ നടപടികൾ വൈകുന്നു.
8	ആലംപാറത്തോട്	സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ
9	പാൽച്ചുരം	സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ
10	മുക്കട്ടത്തോട്	സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ

(സി) വൈദ്യുത പദ്ധതികളുടെ പുരോഗതി ബോർഡ്/സർക്കാർ തലത്തിൽ വിലയിരുത്തി വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. പുരോഗതി വിലയിരുത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി(PMC) യഥാസമയത്ത് യോഗം നടത്തി വേണ്ട തീരുമാനങ്ങൾ എടുക്കുന്നുണ്ട്. ഇതിനുപുറമെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഹൈപവർ കമ്മിറ്റി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് യോഗം ചേർന്ന് തീർപ്പു കല്പിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly